"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-വ്യവസായ വകുപ്പിന് കീഴിലുള്ള കോമൺ ഫെസിലിറ്റി സെന്ററുകളിൽ വിവിധ വിഷയങ്ങളിൽ നൽകി വരുന്ന ഇന്റേൺഷിപ്പ് പരിശീലനത്തിന് ഫീസ് നിശ്ചയിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.85/2025/ID തീയതി,തിരുവനന്തപുരം, 27-01-2025

---

പരാമർശം:-

1. സ.ഉ (കൈ) നം. 139/09/വ്യവ തീയതി: 07.11.2009
2. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുടെ 22/03/2019 -ാം തീയതിയിലെ DIC/926/2019/TC-T4 നമ്പർ കത്ത്.
3. സ.ഉ (സാധാ) നം. 580/2022/വ്യവ തീയതി 23.06.2022

**<u>ഉത്തരവ്</u>**

വ്യവസായ വകുപ്പിനു കീഴിൽ ചങ്ങനാശ്ശേരി, മഞ്ചേരി എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന കോമൺ ഫെസിലിറ്റി സെന്ററുകളിൽ വിവിധ വിഷയങ്ങളിൽ നൽകി വരുന്ന പരിശീലനത്തിന് ഈടാക്കുന്ന സേവനനിരക്ക പരാമർശം (1) ഉത്തരവ് പ്രകാരം നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിരക്കുകൾ പരാമർശം (3) പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സേവനനിരക്ക് നിജപ്പെടുത്തികൊണ്ടുള്ള ഉത്തരവിൽ ഇന്റേൺഷിപ് ഫീസ് നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതു നിജപ്പെടുത്തി നൽകാനായി കോമൺ ഫെസിലിറ്റി സെന്റർ, ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ അംഗീകരിച്ചു നൽകണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് വ്യവസായ വകുപ്പ് ഡയറക്ടർ പരമാർശം (2) പ്രകാരം ഒരു പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്റേൺഷിപ്പ് അനുവദിക്കുന്നത് മൂലം സ്ഥാപനത്തിന് അധിക ചിലവുകൾ ഉണ്ടാകില്ലായെന്നതിനാലും സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്പെടുമെന്നതിനാലും കോമൺ ഫെസിലിറ്റി സെന്ററുകളിൽ വിവിധ വിഷയങ്ങളിൽ നൽകി വരുന്ന പരിശീലനത്തിന് സേവനനിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിൽ ഇന്റേൺഷിപ് പരിശീലനത്തിന് ഫീസ് നിശ്ചയിച്ച് നൽകിയിട്ടില്ലാത്തതിനാൽ ഇന്റേൺഷിപ്പ് ഫീസ് മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്ക്കരിക്കണം എന്ന് നിബന്ധനയിൽ,

ചുവടെ ചേർക്കും പ്രകാരം ഫീസ് നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | | |
|---|---|---|
| One person / day | - | Rs. 125/- |
| Above one month / one person | - | Rs. 1750/- month |
| Batch up to 15 persons per week | - | Rs. 3500 |

3.ഇന്റേൺഷിപ്പ് ഫീസിനത്തിൽ സമാഹരിക്കുന്ന തുക "0852-80-501-99" എന്ന ശീർഷകത്തിൽ സർക്കാർ റവന്യൂ ആയി ഒടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സെന്റർ, ചങ്ങനാശ്ശേരി
ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സെന്റർ, മഞ്ചേരി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (No.1210550/I &PW-A3/66/2019/Fin Fin(I&PW- A) Dept)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ് (വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bindhumol. S
സെക്ഷൻ ഓഫീസർ
Date: 28-01-2025 11:18:30